ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 27.03.2025**

## പ്രധാനവാർത്തകൾ

1) കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കെതിരായ കോൺഗ്രസ് എം പി ജയറാം രമേശിന്റെ അവകാശ ലംഘന നോട്ടീസ് രാജ്യസഭാ ചെയർമാൻ തള്ളി.

2) മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരെ പുനരധിവാസിപ്പിക്കാനുള്ള ടൗൺഷിപ്പിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വഹിക്കും.

3) വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പുകളുടെയും സംഘടനകളുടെയും യോഗം ചേരുമെന്ന് മന്ത്രി വി ശിവൻകുട്ടി.

4) മലപ്പുറം വളാഞ്ചേരിയിൽ ലഹരി സംഘത്തിലെ ഒമ്പത് പേർക്ക് എച്ച്ഐവി ബാധ സ്ഥിരീകരിച്ചു.

5) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് ലഖ്നൗ സൂപ്പർ ജയിൻറ്സിനെ നേരിടും.

*************************************

RNU TVPM

## പാർലമെൻറ്

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കെതിരായ കോൺഗ്രസ് എം പി ജയറാം രമേശിന്റെ അവകാശ ലംഘന നോട്ടീസ് രാജ്യസഭാ ചെയർമാൻ തള്ളി. കോൺഗ്രസ് നേതാവ് സോണിയ ഗാന്ധിയെക്കുറിച്ചുള്ള പരാമർശത്തിനെതിരെയാണ് ശ്രീ ജയറാം രമേശ് നോട്ടീസ് നൽകിയത്. എന്നാൽ ആഭ്യന്തര മന്ത്രിയുടെ വിശദീകരണം തൃപ്തികരമാണെന്ന് രാജ്യസഭാ ചെയർമാൻ ജഗദീപ് ധൻഖർ വ്യക്തമാക്കി. ഉന്നത നീതിന്യായപീഠവുമായി ബന്ധപ്പെട്ട് സമീപകാലത്തുണ്ടായ പ്രശ്നങ്ങൾ സഭയുടെ പതിവ് നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് കോൺഗ്രസ് അംഗം മനീഷ് തിവാരി ലോക്സഭയിൽ ആവശ്യപ്പെട്ടു. ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 ഇന്ന് ലോക്സഭാ പാസാക്കിയേക്കും. കഴിഞ്ഞ ഒരു വർഷത്തിനിടെ രാജ്യത്ത് വിമാനത്താവളങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന രേഖപ്പെടുത്തിയതായി മന്ത്രി രാംമോഹൻ നായിഡു ലോക്സഭയിൽ പറഞ്ഞു. ഇരുസഭകളിലും നടപടികൾ പുരോഗമിക്കുകയാണ്.

RNUTVPM

****************************************

## വയനാട് … ഇൻട്രോ

മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവാസിപ്പിക്കാനുള്ള ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകുന്നേരം നാല് മണിക്ക് നിർവ്വഹിക്കും. എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിൽ ഏഴ് സെൻറ് വീതമുള്ള പ്ലോട്ടുകളിൽ, ആയിരം ചതുരശ്രയടി വിസ്തീർണത്തിലാണ് വീടുകൾ നിർമിക്കുക. ചടങ്ങിൽ മന്ത്രിമാരും പ്രതിപക്ഷ നേതാവും പ്രിയങ്ക ഗാന്ധി എംപിയും പങ്കെടുക്കും. വായനാട്ടിലെത്തിയ പ്രിയങ്കാഗാന്ധി പുൽപ്പള്ളി സീതാ ലവകുശക്ഷേത്രത്തിൽ ദർശനം

നടത്തി. രാവിലെ 11-30-ഓടെയാണ് പ്രിയങ്കാഗാന്ധി ക്ഷേത്രത്തിലെത്തിയത്..

**വിശദാംശങ്ങളിലേയ്ക്ക് .....**

(വോയ്സ്)

*ഒറ്റനിലയായി പണിയുന്ന വീടുകളിൽ ഭാവിയിൽ രണ്ടുനില പണിയാനുള്ള അടിത്തറയൊരുക്കും. ആരോഗ്യകേന്ദ്രം, ആധുനിക അങ്കണവാടി, പൊതുസ്ഥാപനങ്ങൾ, വ്യാപാര സൗകര്യങ്ങൾ, കമ്മ്യൂണിറ്റി സെന്റർ തുടങ്ങിയവയും ടൗൺഷിപ്പിൽ ഒരുക്കുന്നുണ്ട്. ഊരാളുങ്കൽ കോപ്പറേറ്റീവ് സൊസൈറ്റിയാണ് നിർമാണ പ്രവൃത്തികൾ നിർവഹിക്കുന്നത്. ടൌൺഷിപ്പിൽ വീടിന് താത്പര്യപ്പെടാത്ത ഗുണഭോക്താക്കൾക്ക് 15 ലക്ഷം രൂപ നല്കും. ഗൃഹനാഥൻറെയും ഗൃഹനാഥയുടെയും കൂട്ടായ പേരിലാണ് വീടും സാമ്പത്തിക സഹായവും നല്കുക. പുനരധിവാസത്തിനുള്ള അന്തിമ പട്ടികയിൽ 402 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. അതേസമയം ഭൂമിയേറ്റെടുപ്പിൽ നിലവിലെ നഷ്ടപരിഹാരത്തുക കുറവാണെന്നും 549 കോടി രൂപ നഷ്ടപരിഹാരത്തിന് അർഹതയുണ്ടെന്നും ആവശ്യപ്പെട്ട് എൽസ്റ്റൺ എസ്റ്റേറ്റ് സമർപ്പിച്ച ഹർജി ഹൈക്കോടതി ഇന്ന് പരിഗണിച്ചേക്കും.ന്യൂസ് ഡസ്ക്, ആകാശവാണി.*

RNU TVPM

*************************************************

## മുഖ്യമന്ത്രി പിണറായി വിജയൻ

കേരളത്തിലെ മാധ്യമങ്ങൾ ഇടതുപക്ഷ വിരുദ്ധ ആഖ്യാനങ്ങൾ സൃഷ്ടിക്കുന്നു എന്ന ആരോപണവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. ദേശാഭിമാനിയുടെ പുതിയ ഓഫീസ് കോഴിക്കോട് പന്തീരാങ്കാവിനടുത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വസ്തുതകൾ മറച്ചുവെച്ച് തെറ്റായ വിവരങ്ങൾ നൽകുന്നുവെന്നും മുഖ്യമന്ത്രി വിമർശിച്ചു.

പരിമിതികൾക്കുള്ളിൽ നിന്ന് വികസന ജനക്ഷേമ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട് പോകുകയാണെന്നും അദ്ദേഹം പറഞ്ഞു.

******************************************************

## പാചക തൊഴിലാളികൾക്ക് വേതനം

സംസ്ഥാനത്തെ സ്കൂൾ ഉച്ച ഭക്ഷണ പാചക തൊഴിലാളികൾക്ക് വേതന വിതരണത്തിനായി 14.29 കോടി രൂപ അനുവദിച്ചു. 13,560 തൊഴിലാളികളുടെ ഫെബ്രുവരിയിലെ വേതനം നൽകുന്നതിനായാണ് അധിക സഹായമായി തുക ലഭ്യമാക്കിയതെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. കേരളത്തിൽ സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് ഒരു മാസത്തിൽ 13,500 രുപവരെയാണ് വേതനമായി ലഭിക്കുന്നത്. ഇതിൽ കേന്ദ്ര വിഹിതം 600 രൂപ മാത്രമാണെന്നും മന്ത്രി പറഞ്ഞു.

******************************************************

## ശിവൻകുട്ടി ഇൻട്രോ

വിദ്യാർത്ഥികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച് ചർച്ചചെയ്യുന്നതിന് ഈ മാസം 30 ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും യോഗം ചേരുമെന്ന് മന്ത്രി വി ശിവൻകുട്ടി. പാഠ്യപദ്ധതി പരിഷ്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടാംഘട്ടത്തിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിലെ പാഠ പുസ്തകങ്ങളിൽ ലഹരിയ്ക്കും മയക്കുമരുന്നിനും എതിരായ പാഠ ഭാഗങ്ങൾ ഉൾപ്പെടുത്തിയതായും മന്ത്രി പറഞ്ഞു. 2025-26 വർഷത്തെ പാഠപുസ്തകങ്ങളുടെ ഒന്നാം വാല്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

RNU TVPM

(ഹോൾഡ് വോയ്സ്.....)

തൊഴിൽ വകുപ്പ് ഏർപ്പെടുത്തിയ മികച്ച സ്ഥാപനങ്ങൾക്കുള്ള മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡ് പ്രഖ്യാപനവും മന്ത്രി നിർവഹിച്ചു.

****************************************

## മലപ്പുറം - എച്ച് ഐ വി

മലപ്പുറം വളാഞ്ചേരിയിൽ ലഹരി സംഘത്തിലുള്ളവർക്ക് എച്ച്ഐവി ബാധ സ്ഥിരീകരിച്ചു. ഒരു സംഘത്തിലെ ഒമ്പത് പേർക്കാണ് എച്ച്ഐവി സ്ഥിരീകരിച്ചത്. കേരള എയ്ഡ്സ് സൊസൈറ്റി നടത്തിയ സ്ക്രീനിംഗിൽ ആണ് എച്ച്ഐവി ബാധ കണ്ടെത്തിയത്. ഇതിൽ മൂന്ന് പേർ ഇതര സംസ്ഥാന തൊഴിലാളികളാണ്. വാർത്ത മലപ്പുറം ഡിഎംഒയും സ്ഥിരീകരിച്ചു. ഒരേ സിറിഞ്ച് ഉപയോഗിച്ചുള്ള ലഹരി ഉപയോഗമാണ് രോഗബാധയ്ക്ക് കാരണം.

RNU TVPM

****************************************

## പി പ്രസാദ്

സംസ്ഥാനത്ത് പ്രകൃതിദത്ത കൃഷിക്ക് പ്രത്യേക പ്രാധാന്യം നൽകുമെന്ന് മന്ത്രി പി പ്രസാദ്. ഇതിനെ പറ്റി പഠിക്കുന്നതിനായി ഒരു സംഘത്തെ ആന്ധ്രയിലേക്ക് അയക്കുമെന്ന് അദ്ദേഹം പറഞ്ഞു. ആലുവ സ്റ്റേറ്റ് സീഡ് ഫാമിനു കൊച്ചിൻ ഷിപ്പ് യാർഡിൻെറ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് ലഭിച്ച സോളാർ ബോട്ടിൻെറ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

****************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

*************************************************

## പിഎം ഇന്റേൺഷിപ്പ്

പിഎം ഇന്റേൺഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വെർച്വൽ കാൻഡിഡേറ്റ് ഓപ്പൺ ഹൗസ് ഇന്ന് നടക്കും. കോർപ്പറേറ്റ് കാര്യ മന്ത്രാലയമാണ് സംഘാടകർ. അപേക്ഷകരുടെ തത്സമയ സംശയനിവൃത്തിയാണ് സംവേദനാത്മക ഫോറം ലക്ഷ്യമിടുന്നത്. യുവാക്കൾക്ക് മികച്ച ഇന്റേൺഷിപ്പ് അവസരങ്ങൾ നൽകുന്നതിനും അക്കാദമിക് പഠനത്തിനും സർക്കാർ രൂപകല്പന ചെയ്ത സംരംഭമാണ് പി.എം ഇന്റേൺഷിപ്പ്, പദ്ധതി. മികച്ച 500 കമ്പനികളിൽ 12 മാസത്തെ ഇന്റേൺഷിപ്പ് പദ്ധതി വാഗ്ദാനം ചെയ്യുന്നു.

*************************************************

## കൗൺസിലിംഗ് കേന്ദ്രം

രാജ്യത്തെ എല്ലാ ജില്ലകളിലും വിവാഹപൂർവ കൗൺസിലിംഗ് കേന്ദ്രം തുറക്കുമെന്ന് ദേശീയ വനിതാ കമ്മീഷൻ . ഈ വർഷത്തെ അന്താരാഷ്ട്ര വനിതാ ദിനത്തിൽ ആരംഭിച്ച കമ്മീഷന്റെ പുതിയ സംരംഭമാണിതെന്ന് ചെയർപേഴ്സൺ വിജയ രഹത്കർ പട്നയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇതുവരെ 11 സംസ്ഥാനങ്ങളിലായി 23 കേന്ദ്രങ്ങൾ തുറന്നിട്ടുണ്ടെന്ന് അവർ പറഞ്ഞു.

RNU TVPM

*************************************************

## പാലക്കാട് നഗരസഭ (ഇൻട്രോ)

നഗരവികസനത്തിനും മാലിന്യ സംസ്കരണത്തിനും പ്രാധാന്യം നൽകിയുള്ള പാലക്കാട് നഗരസഭ ബജറ്റ് അവതരിപ്പിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

(വോയ്സ്)

***************************************

## കടന്നപ്പള്ളി-കണ്ണൂർ

മാലിന്യ മുക്തം നവകേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി കണ്ണൂർ കലക്ടറേറ്റിനും സിവിൽ സ്റ്റേഷനും നാളെ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഹരിത പദവി സമ്മാനിക്കും. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായാണ് ഒരു കലക്ടറേറ്റിന് ഹരിത പദവി ലഭിക്കുന്നത്. ജില്ലാ കലക്ടറേറ്റ്, അനുബന്ധ സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിലെ 92 സർക്കാർ കാര്യാലയങ്ങളാണ് ഹരിത പദവി കൈവരിച്ചത്.

RNU TVPM

***************************************

## രാജീവ്- യുഎസ് യാത്ര

അമേരിക്കൻ യാത്രയ്ക്ക് കേന്ദ്രസർക്കാർ അനുമതി നിഷേധിച്ചത് അസാധാരണ നടപടിയെന്ന് മന്ത്രി പി രാജീവ്. കേന്ദ്ര ഡെപ്യൂട്ടേഷനിൻ പോയ സെക്രട്ടറിക്ക് അനുമതി നല്കുകയും കേരളത്തിൽ നിന്നുള്ള മന്ത്രിക്കും സെക്രട്ടറിമാർക്കും ഇനുമതി നല്കാതിരിക്കുകയും ചെയ്തു. കൃത്യമായ വിശദീകരണം നല്കാതെയാണ് യാത്ര തടഞ്ഞത്. ആര് പങ്കെടുക്കണമെന്ന് സംഘാടകരാണ് തീരുമാനിക്കേണ്ടതെന്നും മന്ത്രി പറഞ്ഞു.

***************************************

## ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് ലഖ്നൗ സൂപ്പർ ജയിൻറ്സിനെ നേരിടും. വൈകിട്ട് 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് എട്ട് വിക്കറ്റ് ജയം. ഗുവാഹട്ടിയിൽ നടന്ന മത്സരത്തിൽ രാജസ്ഥാൻ ഉയർത്തിയ 152 റൺസ് വിജയലക്ഷ്യം കൊൽക്കത്ത 17.3 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ മറികടക്കുകയായിരുന്നു.

*************************************

## ഖേലോ ഇന്ത്യ

ഖേലോ ഇന്ത്യ പാരാ ഗെയിംസ് 2025 ഇന്ന് സമാപിക്കും. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന സമാപന ചടങ്ങിൽ കേന്ദ്ര യുവജനകാര്യ, കായിക സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ പങ്കെടുക്കും. പ്രതിഭാധനരായ കായികതാരങ്ങൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള സുപ്രധാന വേദിയാണ് പാരാ ഗെയിംസ്. എട്ട് ദിവസത്തെ ചാമ്പ്യൻഷിപ്പിൽ ആറ് ഇനങ്ങളിലായി 1300-ലധികം പാരാ അത്‌ലറ്റുകൾ പങ്കെടുത്തു.

RNU TVPM

*************************************

## കാലാവസ്ഥ

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊട്ടാരക്കര, മൂന്നാർ, കോന്നി, ചെങ്ങന്നൂർ, ചങ്ങനാശേരി, പൊന്നാനി എന്നിവിടങ്ങളിലെ ദുരന്ത നിവാരണ അതോറിട്ടി സ്റ്റേഷനുകളിൽ കഴിഞ്ഞ 24 മണിക്കൂറിൽ അൾട്രാവയലറ്റ് സൂചിക ഉയർന്ന

തോതിൽ രേഖപ്പെടുത്തി. മൂന്നാറിൽ ഒൻപതും മറ്റിടങ്ങളിൽ എട്ടുമാണ് രേഖപ്പെടുത്തിയത്.

****************************************

## റംസാൻ

ആയിരം മാസങ്ങളുടെ പുണ്യം പെയ്തിറങ്ങുന്ന രാവ് പ്രതീക്ഷിച്ച് ഇന്ന് റമദാനിലെ 27-ാം രാവിനെ പ്രാർത്ഥനകൾ കൊണ്ട് വരവേൽക്കാനൊരുങ്ങി വിശ്വാസികൾ. ആയിരംമടങ്ങ് പ്രതിഫലം പ്രതീക്ഷിക്കുന്ന ലൈലത്തുൽ ഖദ്റിന് കൂടുതൽ സാധ്യത 27-ാം രാവിലാണെന്ന വിശ്വാസത്തിലാണ് ഇന്നത്തെ രാവിനെ വിശ്വാസികൾ ആരാധന കൊണ്ട് മുഖരിതമാക്കുന്നത്. വിശ്വാസികളെ കൊണ്ട് നിറയുന്ന പള്ളികളിൽ ദിക്റും ഖുർആൻ പരായണവും മുഴങ്ങും.

**************************************************************************************************************************

RNU TVPM